ഗസറ്റഡ്, നോൺ ഗസറ്റഡ് തസ്തികകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ അഭാവം

45 (1594) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സംവരണം ചെയ്ത എത്ര ഒഴിവുകളിൽ ഇനിയും നിയമനം നടത്താനുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഗസറ്റഡ്-നോൺ ഗസറ്റഡ് തസ്തികകളിൽ നിശ്ചിത ശതമാനം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സംവരണം ചെയ്ത ഒഴിവുകളിൽ ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്ത 1014 ഒഴിവുകളിൽ നിയമനം നടത്താനുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗത്തിലുള്ള 166 ഒഴിവുകളും പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 445 ഒഴിവുകളും ഉൾപ്പെടെ 611 ഒഴിവുകളിൽ നിയമനം നടത്താനുണ്ട്.

(ബി) എല്ലാ വർഷവും ജനുവരി 1-ാം തീയതി അടിസ്ഥാനമാക്കി സർക്കാർ സർവ്വീസിലെ പട്ടിജകജാതി/പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം അവലോകനം നടത്തുകയും 10% (പട്ടികജാതി-8%, പട്ടികവർഗ്ഗം-2%) പ്രാതിനിധ്യം ലഭ്യമായിട്ടില്ലാത്ത വകുപ്പുകളിൽ ആനുപാതികമായ എണ്ണം തസ്തികകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നികത്തുന്നതിനായി സംവരണം നടത്തി അതാത് വകുപ്പുകളെയും പി.എസ്.സി.യെയും അറിയിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞാൽ ഈ ഒഴിവുകളിലേക്കുള്ള നിയമനത്തെ സംബന്ധിച്ച് അതാത് വകുപ്പുകളിൽ നിന്ന് പ്രതിമാസ പുരോഗതി റിപ്പോർട്ട് ശേഖരിക്കുകയും അവലോകനം നടത്തി റിപ്പോർട്ട് അതാത് വകുപ്പുകൾക്ക് നൽകുകയും ചെയ്തുവരുന്നു. കൂടുതൽ നിയമന കുടിശ്ശിക ഉള്ള വകുപ്പദ്ധ്യക്ഷൻമാരുടെ യോഗം വിളിച്ചുചേർത്ത് നിയമന പുരോഗതി വിലയിരുത്തുകയും, ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുകയും, പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളെ സംബന്ധിച്ച് നിയമനം ത്വരിതപ്പെടുത്തുവാൻ സർക്കാർ തലത്തിൽ അഭ്യർത്ഥിക്കുകയും ചെയ്തുവരുന്നുണ്ട്. നിയമന പുരോഗതി അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly